(ഇ) അവയുടെ പ്രവർത്തനം വിശദീകരിക്കാമോ?

ഉത്തരം

(എ) 733 എണ്ണം.

(ബി) 56 എണ്ണം.

(സി) 1996-97 മുതലുള്ള 3 വർഷങ്ങളിൽ മാവേലിസ്റ്റോറുകളിലൂടെയുള്ള ശരാശരി വിൽപ്പന 97.34 കോടി രൂപയാണ്.

(ഡി) 13 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ഇ) മരുന്നുകളുടെ പരമാവധി ചില്ലറ വിൽപ്പന വിലയുടെ കൂടെ വിൽപ്പന നികുതി കൂട്ടിയതിനുശേഷം ആറ് ശതമാനം ഇളവ് നൽകിയാണ് വിലൽപ്പന നടത്തുന്നത്. തൻമൂലം പുറം മാർക്കറ്റിലെ വിലയേക്കാൾ ആറ് ശതമാനം കുറച്ച് മരുന്നുകൾ ഉപഭോക്താവിനു ലഭിക്കുന്നു.

മാവേലിസ്റ്റോറുകൾ മുഖേന നിത്യോപയോഗ സാധനങ്ങളുടെ വിതരണം

80 (126) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സാധാരണക്കാരായ ജനവിഭാഗങ്ങളിൽപ്പെടുന്നവരും ഉപ്പ്, മുളക്, ഉള്ളി, തേയില, പഞ്ചസാര, ശർക്കര, പലവ്യഞ്ജനം മുതലായവ ചുരുങ്ങിയത് കാൽരൂപ, അരരൂപ, ഒരു രൂപ എന്നീ വിലയ്ക്കാണ് വാങ്ങുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ;

(സി) മാവേലിസ്റ്റോറുകളിൽ നിന്ന് ഇത്തരം സാധനങ്ങൾ ഈ വിലയ്ക്ക്വീതം വിൽക്കാറുണ്ടോ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും മറ്റു സാധാരണക്കാരായ ജനവിഭാഗങ്ങളുടെയും താൽപ്പര്യം പരിരക്ഷിക്കുന്നതിനായി മുകളിൽ പറഞ്ഞ സാധനങ്ങൾ മാവേലിസ്റ്റോറുകളിൽ നിന്നും ചുരുങ്ങിയത് ഒരു രൂപയ്ക്കും അര രൂപയ്ക്കും കാൽരൂപയ്ക്കും വിൽക്കുവാൻ നടപടി എടുക്കുമോ;

(ഇ) മാവേലിസ്റ്റോറുകളിൽ നിന്നും കുറഞ്ഞത് അരി കിലോ ക്രമത്തിൽ വിൽക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) ഇല്ല. മാവേലിസ്റ്റോർവഴി ഒരു രൂപ, അര രൂപ, കാൽ രൂപ എന്നീ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ അതേപ്പറ്റി ഒരു അന്വേഷണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(സി) ഇല്ല. എന്നാൽ പയർവർഗ്ഗങ്ങൾ ഏറ്റവും കുറഞ്ഞത് 100 ഗ്രാം വീതവും മുളക്, മല്ലി, കടുക്, ജീരകം, ഉലുവ, എന്നിവ ഏറ്റവും കുറഞ്ഞത് 50 ഗ്രാം വീതവും വിതരണം ചെയ്യാൻ നിർദ്ദേശമുണ്ട്.

(ഡി) ഇത് അപ്രായോഗികമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മാവേലിസ്റ്റോറുകളിൽനിന്നും 3 കിലോവരെ ഏതളവിലും അരി വാങ്ങുന്നതിന് ഉപഭോക്താവിന് സ്വതന്ത്ര്യമുണ്ട്.

മാവലിസ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ

81 (127) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾ ആവശ്യത്തിന് ലഭ്യമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാവേലിസ്റ്റോറുകൾവഴി നിത്യോപയോഗ സാധനങ്ങൾ കൂടുതലായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മാവേലിസ്റ്റോറുകളിൽ ഇപ്പോൾ നിത്യോപയോഗ സാധനങ്ങളെല്ലാം സ്റ്റോക്കുണ്ട്.

കോന്നി സുവോളജിക്കൽ പാർക്കും ചിൽഡ്രൻസ് പാർക്കും

82 (128) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനക്കൂടിനോടനുബന്ധിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന സുവോളജിക്കൽ പാർക്കിനും ചിൽഡ്രൻസ് പാർക്കിനും ഇതുവരെ എന്തു തുക ചെലവായി;

(ബി) ഇതിന്റെ പണി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എങ്കിൽ എന്താണു തടസ്സമെന്നും പ്രസ്തുത തടസ്സം നീക്കി എന്നത്തേയ്ക്ക് പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിൽനിന്നും അനുവദിച്ച അഞ്ചുലക്ഷം രൂപ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

(ബി)&(സി) കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ് ഇതിന്റെ നിർമ്മാണചുമതല. വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പണി തുടർന്നുനടത്തുവാനുള്ള അനുമതി സംബന്ധിച്ച പ്രശ്നവും റോഡ് വീതികൂട്ടുന്നതു സംബന്ധിച്ച പ്രശ്നവുമാണ് കാലതാമസത്തിന് കാരണം എന്നറിയുന്നു. കൂടുതൽ വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly